പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1978 **26-10-2026-ൽ മറുപടിയ്ക്ക്**

ബി.പി.എൽ. വിഭാഗത്തിന് സൗജന്യ ഹൃദയാഘാത പരിശോധന

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. റോണി. കെ. ബേബി

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ഹൃദയാഘാതം വേഗത്തിൽ തിരിച്ചറിയാൻ സഹായിക്കുന്ന ട്രോപ് ടി പരിശോധന, സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിന് സൗജന്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഹൃദയാഘാതം വേഗത്തിൽ തിരിച്ചറിയാൻ സഹായിക്കുന്ന ട്രോപ് ടി(Trophin -T) പരിശോധന, സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിന് സൗജന്യമാക്കുന്നതിനുള്ള വിഷയം പരിശോധിച്ചു വരുന്നു.

(ബി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ജില്ല, ജനറൽ ആശുപത്രികളിലും ഈ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) എല്ലാവർക്കും ഫലപ്രദമായ ഹൃദയാഘാത ചികിത്സ ഉറപ്പാക്കുകയാണോ വകുപ്പിന്റെ ലക്ഷ്യമെന്ന് വ്യക്തമാക്കാമോ?

മറുപടി: സംസ്ഥാനത്തെ കാത്ത് ലാബ് (Cath lab)സൗകര്യമുള്ള ആശുപത്രികളിൽ ഹൃദയാഘാതത്തിനുള്ള ചികിത്സ ലഭ്യമാക്കുന്നുണ്ട്. കൂടാതെ, ഹൃദയാഘാതം ബാധിച്ചവർക്ക് സമയബന്ധിതമായി ഫലപ്രദമായ ചികിത്സ ഉറപ്പാക്കുന്നതിനായ് STEMI (ST-Elevation Myocardial Infraction) മാനേജ്മെന്റ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെയും കാത്ത് ലാബ് സൗകര്യമുള്ള മറ്റ് ആശുപത്രികളെയും ഹബ്ബുകളായും കാത്ത് ലാബ് സൗകര്യമില്ലാത്ത തിരഞ്ഞെടുത്ത സർക്കാർ ആശുപത്രികളെ സ്പോക്കുകളായും ബന്ധിപ്പിച്ച് ചികിത്സാ സംവിധാനം ഒരുക്കുകയാണ് ലക്ഷ്യമിടുന്നത്. സ്പോക്ക് ആശുപത്രികളിൽ ഇ.സി.ജി(ECG) എടുത്ത് ഹബ്ബിലേക്ക് കൈമാറുകയും ഹബ്ബിലെ കാർഡിയോളജി വിദഗ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർചികിത്സ ഉറപ്പാക്കുകയും ചെയ്യും. ആവശ്യമായ സാഹചര്യങ്ങളിൽ സ്പോക്ക് ആശുപത്രികളിൽതന്നെ ത്രോംബോളിസിസ് ചികിത്സ നൽകുന്നതിനും സംവിധാനമൊരുക്കുന്നു.

സംസ്ഥാനത്തുടനീളം ഹൃദയാഘാത ചികിത്സയുടെ ലഭ്യതയും സമയബന്ധിതമായ ഇടപെടലും ഉറപ്പാക്കുന്നതിനായി ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ STEMI ചികിത്സ സംവിധാനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇപ്രകാരം ഹൃദയാഘാതം നേരത്തെ തിരിച്ചറിയുന്നതിനും രോഗികൾക്ക് സമയബന്ധിതമായി ഉചിതമായ ചികിത്സ ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് ഫലപ്രദമായ ഹൃദയാരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനുമാണ് ആരോഗ്യ വകുപ്പ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ